കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം 695 001
ഫോൺ: 0471 2331104 , 0471 2331159,
Email:cei@ceikerala.gov.in
ceikerala@gmail.com
Website: www.ceikerala.gov.in

An IS 15700 : 2005 Certified Department

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നടപടിക്രമം**
**ഹാജർ: അനിൽകുമാർ വി.സി**

വിഷയം: ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - കോവിഡ് 19 പ്രത്യേക സാഹചര്യത്തിലെ ലോക്ഡൗൺ കാലയളവിൽ പുതുക്കേണ്ടിയിരുന്ന വിവിധ ലൈസൻസുകളുടെയും പദ്ധതി അംഗീകാരങ്ങളുടെയും കാലാവധി ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്.

പരാമർശം :
1) ഉത്തരവ് നമ്പർ ബി1-8272/21/സി.ഇ.ഐ തീയതി 14/06/2021.
2) കത്ത് നമ്പർ KELCON/118/2021 തീയതി 01/09/2021.

<u>**ഉത്തരവ് നമ്പർ:ബി1-8272/2021/സി.ഇ.ഐ തീയതി 02/09/2021**</u>

പരാമർശം (1) പ്രകാരം ഈ വകുപ്പിൽ നിന്നും നൽകുന്ന ലൈസൻസുകളും പെർമിറ്റുകളും സ്കീം അപ്രൂവലുകളും പുതുക്കുന്നതിന് സമയബന്ധിതമായി അപേക്ഷ സമർപ്പിക്കുവാൻ പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ട് പരിഗണിച്ച് 01/04/2021 മുതൽ 31/07/2021 കാലയളവിൽ പുതുക്കേണ്ടതായ വിവിധ ലൈസൻസുകൾ, പെർമിറ്റുകൾ, പദ്ധതി അംഗീകാരങ്ങൾ, ലിഫ്റ്റ് ലൈസൻസുകൾ, സിനിമാ ഓപ്പറേറ്റർ ലൈസൻസുകൾ, ഡി സർട്ടിഫിക്കറ്റുകൾ, കേബിൾ സുരക്ഷാ സർട്ടിഫിക്കറ്റുകൾ തുടങ്ങിയവയുടെ കാലാവധി 2021 ആഗസ്റ്റ് 31 വരെ ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. കോവിഡ് സാഹചര്യം നിലനിൽക്കുന്നതിനാലും പരാമർശം (2) ൽ സൂചിപ്പിച്ച പോലെ അപേക്ഷകൾ ലഭിച്ചവ പരിഗണിച്ചതിന്റെയും അടിസ്ഥാനത്തിൽ 01/04/2021 മുതൽ 31/10/2021 വരെ കാലയളവിൽ പുതുക്കേണ്ടതായ വിവിധ ലൈസൻസുകൾ, പെർമിറ്റുകൾ, പദ്ധതി അംഗീകാരങ്ങൾ, ലിഫ്റ്റ് ലൈസൻസുകൾ, സിനിമാ ഓപ്പറേറ്റർ ലൈസൻസുകൾ, ഡി സർട്ടിഫിക്കറ്റുകൾ, കേബിൾ സുരക്ഷാ സർട്ടിഫിക്കറ്റുകൾ തുടങ്ങിയവയുടെ കാലാവധി 2021 നവംബർ 30 വരെ ദീർഘിപ്പിച്ച് കൊണ്ട് വീണ്ടും ഉത്തരവാകുന്നു.

(ഒപ്പ്)

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

പകർപ്പ്:
1) സെക്രട്ടറി, ഊർജ്ജവകുപ്പ് (ആമുഖ കത്ത് മുഖേന)
2) ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ് (പ്രസിദ്ധീകരണത്തിനു വേണ്ടി)
3) സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ്
4) ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സി.എ
5) ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/ഇലക്ട്രിക്കൽ ഇൻസ്പെക്ടർ
6) അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സി.എ
7) സ്റ്റോക്ക് ഫയൽ
8) വെബ്സൈറ്റ്.